# വെളിപ്പാടുപുസ്തക പഠനം -9

# യേശുക്രിസ്തു ഭൂരാജാക്കന്മാർക്ക് അധിപതി

പാസ്റ്റർ സി.വി. ആൻഡ്രൂസ്

നമ്മുടെ കർത്താവിന് സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വ അധികാരവും നൽകിയിരിക്കുന്നു. അവിടുന്ന് ഭൂരാജാക്കന്മാരെയും നിയന്ത്രിക്കുന്നു. സദൃശ്യവാക്യം 21:1ൽ (രാജാവിന്റെ ഹൃദയം യഹോവയുടെ കൈയിൽ നീർതോടുകണക്കെ ഇരിക്കുന്നു. തനിക്ക് ഇഷ്ടമുള്ളേടത്തൊക്കെയും അവൻ അതിനെ തിരിക്കുന്നു) എന്നു വായിക്കുന്നു. (അതുകൊൺട് ദൈവവും അവനെ ഏറ്റവും ഉയർത്തി സകല നാമത്തിനും മേലായ നാമം നൽകി. അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും) ഫിലി. 2:9-10).

ഭൂമിയിലെ സകല ഭരണാധികാരികൾക്കും അധിപതിയാണ് ക്രിസ്തു. (ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനുമാക്കും. സങ്ക(സങ്കീർത്തനം 89:27) എന്നത് ക്രിസ്തുവിനെപ്പറ്റിയുള്ള പ്രവചനമാണ്. ലോകത്തിലെ ഭരണാധികാരികളുടെ മേൽ കർത്താവിന് അധികാരമുൺട്. (അത്യുന്നതനായവൻ മനുഷ്യരുടെ രാജ്യത്വത്തിന്മേൽ വാഴുകയും അതിനെ തനിക്ക് ബോധിച്ചവനു കൊടുക്കുകയും ചെയ്യുന്നുവെന്ന് നീ അറിയുന്നതുവരെ) (ദാനിയേൽ 4: 32-37). ദൈവം ശൗലിനെ വാഴിക്കുകയും നീക്കുകയും ചെയ്തു. ദാവീദിനെ രാജാവാക്കി.

യേശുവിന്റെ ക്രൂശീകരണത്തിനു മുമ്പ് ഒരു മുൾക്കിരീടം ചൂടിച്ച് അവന്റെ മുന്നിൽ മുട്ടുകുത്തി യഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പറഞ്ഞ് അവനെ പരിഹസിച്ചു (മത്തായി 27:29). എന്നാൽ ഭൂരാജാക്കന്മാർക്ക് അധിപതിയായവൻ അനേക രാജമുടികൾ ചൂടി സ്വർഗ്ഗത്തിൽനിന്ന് താമസംവിനാ വെളിപ്പെടാൻ പോകുന്നു (വെളിപ്പാട് 19:11). രാജാധിരാജാവായി ആയിരം വർഷങ്ങൾ ഭൂമിയിൽ നീതിയോടെ ഭരിക്കുവാൻ യേശുക്രിസ്തു വരും. ഒരു രാജാവ് നീതിയോടെ വാഴും. പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും. (ഏശയ്യ 32:1). യേശു ഭൂമിയിൽ രാജാവായി വാഴുമ്പോൾ നാം അവനോടുകൂടെ പ്രഭുക്കന്മാരായി അധികാരം നടത്തും. നമ്മെയും ക്രിസ്തുമൂലം രാജാക്കന്മാരും പുരോഹിതന്മാരും ആക്കിയിരിക്കുകയാണ് (1. പത്രോസ് 2:9). (ധന്യനായ ഏകാധിപതിയും രാജാധിരാജാവും) (1.തിമോ. 6:15). (ഉന്നതനുമീതെ ഒരു ഉന്നതനും അവർക്കുമീതെ അത്യുന്നതും ജാഗരിക്കുന്നു) (സഭാപ്രസംഗി 5:8).

ഭൂരാജാക്കന്മാരുടെ ആധിപത്യത്തെയും അവർക്കുമീതെയുള്ള ദൈവത്തിന്റെ സർവ്വാധിപത്യത്തെയും അതുപോലെ ദൈവത്തിനുള്ള അതേ സ്ഥാനങ്ങൾ ക്രിസ്തുവിന് നൽകപ്പെട്ടിരിക്കുന്നതിനെയും ഈ വാക്യങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. (ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും. ആ രാജത്വം വേറൊരു ജാതിക്ക് ഏൽപ്പിക്കപ്പെടുകയില്ല. അത് ഈ രാജത്വങ്ങളെയൊക്കെയും തകർത്ത് നശിപ്പിക്കുകയും ചെയ്യും) (ദാനി.2:44).

(യഹോവ സർവ്വഭൂമിക്കും രാജാവാകും)(സഖ.14:9). (എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു) (സങ്കീ. 2:8). (ഒരു രാജാവ് നീതിയോടെ വാഴും) (യേശയ്യ 32:1). (യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ)( ലൂക്ക് 23:42). ഈ വാക്യങ്ങളിലെല്ലാം യേശു ഭൂരാജാക്കന്മാരുടെ അധിപതിയാണെന്ന് വ്യക്തമാകുന്നു. വെളിപ്പാട് 1:6, 5:10 എന്നീ വാക്യങ്ങളിൽ രാജാക്കന്മാരും പുരോഹിതന്മാരും എന്നതാണ് ശരിയായ തർജ്ജമ. കർത്താവിനോടുകൂടെ നാമും പ്രഭുക്കന്മാരായി ഈ ലോകത്തെ ഭരിക്കും.

## കൃപയും സമാധാനവും ഉൺടാകട്ടെ

ത്രീയേക ദൈവത്തിന്റെ നാമത്തിലാണ് ആശംസ പറഞ്ഞിരിക്കുന്നത്. ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനും അഥവാ ആയിരുന്നവൻ, ആയിരിക്കുന്നവൻ, ആകുവാനുള്ളവൻ എന്നത് പിതാവായ ദൈവത്തെക്കുറിച്ചാണ്. ഏഴ് ആത്മാക്കൾ എന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. ഏഴ് എന്ന സംഖ്യ പൂർണ്ണതയെക്കുറിക്കുന്നു. ആകയാൽ ഏഴ് ആത്മാക്കൾ എന്നത് പൂർണ്ണതയുടെ ആത്മാവ് എന്ന അർത്ഥത്തിൽ പരിശുദ്ധാത്മാവിനെയാണ്. ത്രീത്വത്തിൽ രൺടാമനായ യേശുവിനെ വിശ്വസ്ത സാക്ഷി, മരിച്ചവരിൽ ആദ്യജാതൻ, ഭൂരാജാക്കന്മാർക്ക് അധിപതി എന്നിങ്ങനെ വിശേഷിപ്പിച്ചിരിക്കുന്നു. ആകയാൽ നമുക്ക് ആശംസ നൽകിയിരിക്കുന്നത് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന നാമത്തിലാണ്.

യേശുക്രിസ്തു പ്രവാചകൻ, പുരോഹിതൻ, രാജാവ് എന്നിങ്ങനെ ക്രിസ്തുവിന്റെ മൂന്ന് ഔദ്യോഗിക സ്ഥാനങ്ങൾ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നു. അവൻ വിശ്വസ്ത സാക്ഷിയായ പ്രവാചകനും മരിച്ചവരിൽ ആദ്യജാതനായ പുരോഹിതനും (എബ്രായ 5:6, 7: 23–24), ഭൂരാജാക്കന്മാർക്ക് അധിപതിയായ രാജാവുമാണ്.

## കൃപ

കൃപഎന്നത് ദൈവത്തിന്റെ ദാനമാണ്. സമാധാനം എന്നത് ക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടതുമാണ്. അതതു സമയത്തെ ആവശ്യത്തിനനുസരിച്ച് ദൈവത്തിൽനിന്ന് നമുക്ക് ലഭ്യമാകുന്ന സഹായമാണ് കൃപ. അർഹതയില്ലാത്ത സ്ഥാനത്ത് ലഭിക്കുന്നതാണ് കൃപ. നമ്മുടെ ഏതാവശ്യത്തിനും എപ്പോഴും മതിയായതാണ്.

ഉൽപ്പത്തി 19:19 – വലിയ കൃപ

യോഹോ. 1:14 – നിറഞ്ഞ കൃപ

അപ്പ. പ്രവൃത്തി 11:23 – സന്തോഷിക്കുന്ന കൃപ

റോമ 1:6 –വേലയ്ക്കായുള്ള കൃപ

2 കൊരി. 8:1 –കൊടുക്കുന്നതിനുള്ള കൃപ

2 കൊരി. 12:9 –മതിയായ കൃപ

എഫേ. 2:5 – രക്ഷിക്കുന്ന കൃപ

എഫേ 6: 24 –സ്നേഹിക്കാനുള്ള കൃപ

2 തെസ. 2: 16 –പ്രത്യാശ നൽകുന്ന കൃപ

യാക്കോബ് 4:6 – താഴ്മയുള്ളവർക്ക് കൃപ

1 പത്രോസ് 1:13 –വരുവാനുള്ള കൃപ

1 തിമോ 1:2 –യേശുവിന്റെ കൃപ

പരിശോധനയിൽ വിശ്വസ്തരായി നിൽപ്പാൻ വേൺട സഹായമാണ് ആവശ്യമെങ്കിൽ അത് കൃപയിലൂടെ സാധിക്കും. കൃപയെന്നത് അത്ഭുതകരമായ ദൈവസ്നേഹത്തിന്റെ അനർഹമായ ദാനമാണ്.

## സമാധാനം

സമാധാനം എന്നത് ദൈവത്തിന്റെയും മനുഷ്യന്റെയും മധ്യത്തിൽ കർത്താവിനാൽ സ്ഥാപിക്കപ്പെട്ടതാണ്. ക്രിസ്തുവിന്റെ ദാനമായ സമാധാനം കൃപയുടെ പിന്നാലെ വരുന്നു (യോഹ.14:27, 20:21).

റോമ 5:1 –നീതീകരിക്കപ്പെട്ടതുമൂലം ദൈവത്തോടു സമാധാനം ലഭിച്ചു.

1 കൊരി 14: 33 –ദൈവം സമാധാനത്തിന്റെ ദൈവമാണ്.

2 കൊരി. 13:11 – നമ്മൾ സമാധാനത്തോടെ ഇരിക്കേണം

ഗലാ 5:22 –ആത്മാവിന്റെ ഫലമാണ് സമാധാനം

യോഹ 16:33 –ക്രിസ്തുവിൽ സമാധാനം ഉൺടാകുന്നു

ഫിലി. 4:7 –സകലബുദ്ധിയെയും കവിയുന്നതാണ് സമാധാനം

എഫേ. 2:14 –ക്രിസ്തു നമ്മുടെ സമാധാനം

ഏതൊരവസ്ഥയിലും ജയകരമായി ജീവിക്കുന്നതിന് കൃപ പ്രാപ്തിപ്പെടുത്തുമ്പോൾ കഷ്ടതയെ നേരിടുന്നതിനാണ് ദൈവിക സമാധാനം (യോഹ. 14:27). വേറൊരുവിധത്തിൽ പറഞ്ഞാൽ സമാധാനം എന്ന വാക്കിന് യുദ്ധം തീർന്ന അവസ്ഥ എന്നു പറയാം. യുദ്ധം തീരുമ്പോൾ സമാധാനം ഉൺടാവുകയും

അന്യോന്യം പ്രവേശനവും സ്വീകരണവും പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യും. ശത്രുത തീർന്നു, ക്ഷമയും അംഗീകരണവും ലഭിച്ചു. ഇപ്രകാരം ശ്രേഷ്ഠമായ ത്രീത്വത്തിൽനിന്നുള്ള കൃപയും സമാധാനവും സഭയ്ക്ക് നൽകുകയാണ് ഇവിടെ ചെയ്യുന്നത്. നിലവിട്ടു പോകാതെയിരുന്നാൽ സഭ സ്വർഗ്ഗീയ അനുഗ്രഹങ്ങൾക്ക് അവകായി ആയിരിക്കുകയും ചെയ്യുമെന്ന് ഓർമിക്കുക. ഈ ഭൂമിയിൽ ഭാവി കാര്യങ്ങളെക്കുറിച്ചുള്ള ദൈവിക വെളിപ്പാടുകൾ നൽകുന്ന വെളിപ്പാടു പുസ്തകം നമുക്ക് ലഭിച്ചത് ദൈവത്തിന്റെ കൃപ ഒന്നു മാത്രമാണ്. തുടർന്ന് ഈ പുസ്തകം പഠിക്കുവാനും മനസ്സിലാക്കുവാനും ദൈവത്തിന്റെ അനുഗ്രഹം നമുക്കു ലഭിക്കുമാറാകട്ടെ.